**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**തിരുവനന്തപുരം.**

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 6112/11/12/2024/റ്റി.വി.എം.**

പരാതിക്കാരൻ : കെ.രാജേന്ദ്രൻ, പനവിളാകത്ത് പുത്തൻവീട്, പൂഴിക്കുന്ന്, വെങ്കടമ്പ്.പി.ഒ, നെയ്യാറ്റിൻകര, തിരുവനന്തപുരം-695506.

എതിർകക്ഷികൾ : 1) സെക്രട്ടറി തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ.
2) സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശൂർ.

**ഉത്തരവ് തിയതി : 2025 മെയ് മാസം 08**

തൃശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും 30-11-2023 ൽ വിരമിച്ച ഹർജിക്കാരന് വർഷങ്ങൾ കഴിഞ്ഞിട്ടും വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലായെന്ന് ആരോപിച്ച് ടിയാൻ നൽകിയ എച്ച്.ആർ.എം.പി. നമ്പർ : 2367/11/12/2022 എന്ന പരാതിയിൽ തൃശൂർ നഗരസഭ അധികാരികളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും സമാന വിഷയത്തിൽ ബഹു, സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് പരിശോധിക്കുകയും ചെയ്ത ശേഷം, ഹർജിക്കാരന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ രണ്ടു മാസത്തിനകം കൊടുത്തു തീർക്കണമെന്ന് തൃശൂർ നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് 23-6-2022 ന് ഉകമ്മീഷൻ ത്തരവ് പാസാക്കി തീർപ്പാക്കിയെങ്കിലും നാളിതുവരെ പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന് ആരോപിച്ചു കൊണ്ടാണ് ഹർജിക്കാരൻ ഈ പരാതിയുമായി കമ്മീഷനെ സമീപിച്ചിരിക്കുന്നത്.

2.. തൃശൂർ നഗരസഭ ഉദ്യോഗസ്ഥരിൽ നിന്നും ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ കേട്ടും ഈ പരാതിയിൽ കമ്മീഷൻ നിരവധി ഇടക്കാല ഉത്തരവുകൾ പാസാക്കുകയുണ്ടായി. ഈ വിഷയത്തിൽ കമ്മീഷന്റെ 11-3-2025 ലെ ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ പ്രതിനിധീകരിച്ച് അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ ശ്രീ ഷിപിൻ പീറ്റർ നേരിട്ട് ഹാജരായി സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 29-4-20925

തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. തൃശൂർ നഗരസഭ സെക്രട്ടറിക്കു വേണ്ടി സീനിയർ സൂപ്രണ്ട് അഭിഭാഷകനോടൊപ്പം ഹാജരായി തൃശൂർ നഗരസഭ അസിസ്റ്റൻറ് സെക്രട്ടറിയുടെ 30-4-2025 തിയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. ഹർജിക്കാരനും ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരായി റിപ്പോർട്ടുകൾക്കെതിരെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. ഹർജിക്കാരന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൊടുത്തുകഴിഞ്ഞുവെന്നാണ് മേൽ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്.

3. ബാക്കി കൊടുക്കാനുണ്ടായിരുന്ന 1,23,957/- രൂപ ഹർജിക്കാരന് കൊടുത്തുവെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. ടി തുക കിട്ടിയതായി ഹർജിക്കാരനും സമ്മതിച്ചു. ഈ പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങൾ അല്ലാത്ത മറ്റെല്ലാ ആനുകൂല്യങ്ങളും നേരത്തെ ലഭിച്ചിരുന്നതായും ടിയാൻ അറിയിച്ചു. അതുകൂടാതെ 4,93,248/- രൂപ ഇനിയും കിട്ടാനുണ്ടെന്ന് ചില കണക്കുകൾ വെച്ച് ടിയാൻ ബോധിപ്പിച്ചു. ഹർജിക്കാരൻെറ പ്രസ്തുത ആരോപണം സംബന്ധിച്ചു ചോദിച്ചതിൽ ഇതേ വിഷയത്തിൽ ഹർജിക്കാരൻെറ അതേ തസ്തികയിലും scale of pay യിലും ആയിട്ടുള്ളവരും അല്ലാത്തവരുമായ എല്ലാ ജീവനക്കാർക്കും ഹർജിക്കാരന് കൊടുത്ത അതേ കണക്കനുസരിച്ചാണ് ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളതെന്ന് തൃശൂർ നഗരസഭ സെക്രട്ടറിയുടെ പ്രതിനിധി വിശദീകരിച്ചു.

4.. മേൽ സംഗതിയുടെ ശരി തെറ്റുകളിലേക്ക് കമ്മീഷൻ ഇപ്പോൾ കടക്കേണ്ട സാഹചര്യമില്ല. ആദ്യത്തെ പരാതി പരിഗണിച്ചുതന്നെ 23-6-2022 ൽ അന്തിമ ഉത്തരവ് കമ്മീഷൻ പാസാക്കിയിരുന്നതാണ്. 23-6-2022 ലെ . ഉത്തരവ് പ്രകാരമുള്ള Action taken report പരിഗണിക്കുന്ന ഘട്ടമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ കമ്മീഷൻ പല ഇടക്കാല ഉത്തരവുകളും പാസാക്കിയിട്ടുള്ളതുമാണ്. അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാൻ ഇനിയും ബാക്കി നിൽക്കുന്നുണ്ടെന്ന് ഹർജിക്കാരന് അവകാശ വാദമുണ്ടെങ്കിൽ ഏത് അധികാരിയിൽ നിന്നാണോ തുക ലഭിക്കേണ്ടത് ആ അധികാരിയെ സമീപിക്കുകയാണ് ഹർജിക്കാരൻ ആദ്യം ചെയ്യേണ്ടത്. എന്നിട്ടും ടിയാൻെറ ആവശ്യം അംഗീകരിക്കുന്നില്ലെങ്കിൽ ടി വകുപ്പിൻെറ മേലധികാരിക്ക് പരാതി കൊടുക്കണം. അവിടെ നിന്നും അനുകൂലമായ നടപടി ഉണ്ടായില്ലെങ്കിൽ അക്കാര്യത്തിന് ടിയാൻ .Kerala Administrative Tribunal (KAT) നെ സമീപിക്കുക.

ഹർജിക്കാരൻ ഉന്നയിക്കുന്നതുപോലെ സമാന ആവശ്യങ്ങൾക്ക് പലരും KAT യിൽ ഹർജി കൊടുത്ത് അനുകൂല വിധി സമ്പാദിച്ചിട്ടുമുണ്ട്.

5. ഹർജിക്കാരന് കൊടുത്ത തുക കുറവാണ്, ഇനിയും ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട് മുതലായ ആക്ഷേപമുണ്ടെങ്കിൽ അത് സംബന്ധിച്ച് കാര്യകാരണം സഹിതം വിശദമായ അപേക്ഷ തൃശൂർ നഗരസഭക്കും സംസ്ഥാന ഓഡിറ്റ് വകുപ്പിനും കൊടുക്കുക. അപ്രകാരം അപേക്ഷ ലഭിച്ചാൽ അതിനെ കുറിച്ച് ആഴത്തിൽ പഠിച്ചും രേഖകൾ പരിശോധിച്ചും ഹർജിക്കാരനെ നേരിൽ കേട്ടും കാലതാമസം കൂടാതെ നിയമാനുസരണം തീർപ്പു കൽപ്പിക്കുന്നതാണെന്ന് നഗരസഭ സെക്രട്ടറിയുടെ പ്രതിനിധി ഉറപ്പു നൽകി. ഹർജിക്കാരനിൽ നിന്നും അപേക്ഷ ലഭിച്ചാൽ അന്ന് മുതൽ ആറാഴ്ചക്കുള്ളിൽ നഗരസഭ സെക്രട്ടറി തീർപ്പുകൽപ്പിക്കണം. തുടർന്നും പരാതിയുണ്ടെങ്കിൽ ഹർജിക്കാരന് ഒന്നുകിൽ KAT മുമ്പാകെ നേരിട്ട് ഹർജി സമർപ്പിച്ച് പരിഹാരം കാണാം. അതല്ലെങ്കിൽ .Director, Urban Affairs, LSGD, Thiruvananthapuram മുമ്പാകെയോ അല്ലെങ്കിൽ. Principal Secretary to Government, LSGD Department. Thiruvananthapuram മുമ്പാകെയോ ഹർജി/നിവേദനം സമർപ്പിക്കാം.. മേൽപ്പറഞ്ഞ പ്രകാരം നിവേദനം കൊടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. ഹർജിക്കാരനും തൃശൂർ നഗരസഭ സെക്രട്ടറിക്കും Senior Deputy Director, Kerala State Audit Department, Corporation Audit, Thrissur- 680001 നും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/